# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2928 18.08.2017-ൽ മറുപടിയ്ക്ക്**

**വൃത്തിഹീനമായ മത്സ്യ മാർക്കറ്റുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ബി.ഗണേഷ് കുമാർ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) വൃത്തിഹീനവും ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ മത്സ്യമാർക്കറ്റുകളിൽ പോയി സാധനങ്ങൾ വാങ്ങാൻ ജനങ്ങൾ നിർബന്ധിതരാകുന്ന സാഹചര്യം സംസ്ഥാനത്ത് നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇത്തരം മത്സ്യമാർക്കറ്റുകളെ ശുചിത്വപൂർണ്ണമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ; | ബി) സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനികവത്ക്കരിക്കുന്നതിനും ശുചിത്വ പൂർണ്ണ മാക്കുന്നതിനും ലക്ഷ്യമിട്ട് മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് 34 മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 4 എണ്ണം പുരോഗമിക്കുന്നു.<br><br>ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്ക മത്സ്യത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാ വശ്യമായ സിങ്ക്, വെള്ളം ഒട്ടുംതന്നെ കെട്ടിനിൽക്കാത്ത രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനുള്ള സംവിധാനത്തോടു കൂടിയ വിപണന സ്റ്റാളുകൾ, ലേല ഹാൾ, എന്നീ സൗകര്യങ്ങൾ ഓരോ മാർക്കറ്റിലും ആവശ്യാനുസരണം നൽകിയിട്ടുണ്ട്. ഇതു കൂടാതെ ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കുന്നതിനായി ചിൽ റൂം സംവിധാനവും, ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫ്ളേക്ക് ഐസ് യൂണിറ്റും പ്രസ്തുത മത്സ്യമാർക്കറ്റുകളുടെ ഒരു സവിശേഷതയാണ്. എല്ലാ മാർക്കറ്റുകളും വനിതാ സൗഹൃദമാക്കുന്നതിനായി ടോയ്‌ലറ്റ് സംവിധാനവും ഉറപ്പാക്കുന്നതാണ്. |

സി) മത്സ്യത്തിന്റെ റീട്ടെയിൽ വിപണനത്തിനുവേണ്ടി അത്യാധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

ഡി) എങ്കിൽ പ്രസ്തുത പദ്ധതി എന്നത്തേക്ക് നടപ്പിലാവും; ഏതൊക്കെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

സി) & ഡി) മത്സ്യത്തിന്റെ റീട്ടെയിൽ വിപണനത്തിനുവേണ്ടി ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ 34 ആധുനിക ശുചിത്വ പൂർണ്ണമായ മത്സ്യമാർക്കറ്റുകൾ ഇതിനോടകം സ്ഥാപിച്ചു കഴിഞ്ഞു. 4 മത്സ്യമാർക്കറ്റുകളുടെ നിർമ്മാണ പ്രവർത്തി പുരോഗമിക്കുന്നു. ഇതുകൂടാതെ സംസ്ഥാന സർക്കാരിന്റെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 53 മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അംഗീകാരം നൽകുന്ന കാര്യം പരിഗണനയിലാണ്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

ഇ) എത്ര രൂപയാണ് ഒരു മാർക്കറ്റിന് വേണ്ടി ചെലവു വരുന്നത്; സർക്കാർ എത്ര രൂപ വീതമാണ് ഓരോ മാർക്കറ്റിനും അനുവദിക്കുന്നത്; ഇതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

ഇ) കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരം ഒരു സ്റ്റാളിന് 10 ലക്ഷം രൂപ ക്രമത്തിൽ പരമാവധി 50 സ്റ്റാളുകൾ വരെയുള്ള മാർക്കറ്റുകൾക്ക് 500 ലക്ഷം രൂപയുടെ അംഗീകാരവും അതിന്റെ 50% ആയ 250 ലക്ഷം രൂപ വരെ കേന്ദ്ര സർക്കാർ ധനസഹായവുമായും ലഭ്യമാകും. ബാക്കി 50% തുക സംസ്ഥാന സർക്കാർ വിഹിതമായി കണ്ടെത്തേണ്ടതുണ്ട്. ഓരോ മാർക്കറ്റിനും വേണ്ടിവരുന്ന ചെലവ് മാർക്കറ്റ് സ്ഥാപിക്കുന്ന സ്ഥലം, മാർക്കറ്റിൽ ലഭ്യമാകുന്ന സ്റ്റാളുകളുടെ എണ്ണം, മറ്റു സൗകര്യങ്ങൾ എന്നിവ അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. മാർക്കറ്റ് അനുവദിക്കുന്നതിന് ദേശീയ മത്സ്യ വികസന ബോർഡ് നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഭൂസംബന്ധമായ യാതൊരുവിധ ബാധ്യതയുമില്ലെന്നു തെളിയിക്കുന്ന വസ്തുവിന്റെ ഉടമസ്ഥാവകാശ രേഖകൾ
2. അംഗീകാരത്തിനായി സമർപ്പിക്കുന്ന രേഖയിൽ പദ്ധതി സംബന്ധിച്ചുള്ള പ്ലാനിംഗ്, ഡിസൈനിംഗ്, എസ്റ്റിമേറ്റ് മുതലായവ കൃത്യമായും സമർപ്പിച്ചിരിക്കണം.
3. എസ്റ്റിമേറ്റ് നിലവിലെ എസ്.ഒ.ആർ. അനുസരിച്ച് കൃത്യമായി മാർക്കറ്റ് റേറ്റിൽ തയ്യാറാക്കിയതാകണം.
4. പദ്ധതിയുടെ ഭാവി നടത്തിപ്പും പരിപാലനവും ഉറപ്പുവരുത്തുന്നത് സംബന്ധിച്ചുള്ള കൃത്യമായ രേഖകൾ ഉണ്ടാകണം.

5. ആവശ്യമായ എല്ലാവിധ രേഖകളും പദ്ധതി റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കണം.

6. പദ്ധതി റിപ്പോർട്ട് ഗവൺമെന്റ് മുഖേനയായിരിക്കണം സമർപ്പിക്കേണ്ടത്.

സെക്ഷൻ ആഫീസർ

## അനുബന്ധം

## സംസ്ഥാനത്ത് ഇതിനോടകം നവീകരിച്ചതും നവീകരിക്കാനുദ്ദേശിക്കുന്നതുമായ മത്സ്യമാർക്കറ്റുകൾ

### നിർമ്മാണം പൂർത്തീകരിച്ച മത്സ്യമാർക്കറ്റുകൾ

| ക്രമ നം | മത്സ്യമാർക്കറ്റ് | ജില്ല | തദ്ദേശ സ്വയംഭരണ സ്ഥാപനം |
|---|---|---|---|
| 1 | കുളത്തൂർ | തിരുവനന്തപുരം | കുളത്തൂർ ഗ്രാമ പഞ്ചായത്ത് |
| 2 | ചിറയിൻകീഴ് | തിരുവനന്തപുരം | ചിറയിൻകീഴ് ഗ്രാമ പഞ്ചായത്ത് |
| 3 | കഴക്കൂട്ടം | തിരുവനന്തപുരം | തിരുവനന്തപുരം കോർപ്പറേഷൻ |
| 4 | നെടുമങ്ങാട് | തിരുവനന്തപുരം | നെടുമങ്ങാട് മുനിസിപ്പാലിറ്റി |
| 5 | വെഞ്ഞാറമൂട് | തിരുവനന്തപുരം | നെല്ലനാട് ഗ്രാമ പഞ്ചായത്ത് |
| 6 | കോന്നി | പത്തനംതിട്ട | കോന്നി ഗ്രാമ പഞ്ചായത്ത് |
| 7 | പാലമേൽ | ആലപ്പുഴ | പാലമേൽ ഗ്രാമ പഞ്ചായത്ത് |
| 8 | കരുവാറ്റ | ആലപ്പുഴ | കരുവാറ്റ ഗ്രാമ പഞ്ചായത്ത് |
| 9 | ഏറ്റുമാനൂർ | കോട്ടയം | ഏറ്റുമാനൂർ ഗ്രാമ പഞ്ചായത്ത് |
| 10 | വൈക്കം | കോട്ടയം | വൈക്കം മുനിസിപ്പാലിറ്റി |
| 11 | ചങ്ങനാശ്ശേരി | കോട്ടയം | ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി |
| 12 | പൈക | കോട്ടയം | മീനച്ചിൽ ഗ്രാമ പഞ്ചായത്ത് |
| 13 | പള്ളുരുത്തി | എറണാകുളം | കൊച്ചി കോർപ്പറേഷൻ |
| 14 | നോർത്ത് പറവൂർ | എറണാകുളം | നോർത്ത് പറവൂർ മുനിസിപ്പാലിറ്റി |
| 15 | ആലുവ | എറണാകുളം | ആലുവ മുനിസിപ്പാലിറ്റി |
| 16 | തേവര | എറണാകുളം | കൊച്ചി കോർപ്പറേഷൻ |
| 17 | മൂവാറ്റുപുഴ | എറണാകുളം | മൂവാറ്റുപുഴ മുനിസിപ്പാലിറ്റി |
| 18 | കാലടി | എറണാകുളം | കാലടി ഗ്രാമ പഞ്ചായത്ത് |
| 19 | ഉദയംപേരൂർ | എറണാകുളം | ഉദയംപേരൂർ ഗ്രാമ പഞ്ചായത്ത് |
| 20 | മുളംതുരുത്തി | എറണാകുളം | മുളംതുരുത്തി ഗ്രാമ പഞ്ചായത്ത് |
| 21 | കുമിളി | ഇടുക്കി | കുമിളി ഗ്രാമ പഞ്ചായത്ത് |
| 22 | തൊടുപുഴ | ഇടുക്കി | തൊടുപുഴ മുനിസിപ്പാലിറ്റി |
| 23 | മാള | തൃശ്ശൂർ | മാള ഗ്രാമ പഞ്ചായത്ത് |
| 24 | വടക്കാഞ്ചേരി | തൃശ്ശൂർ | വടക്കാഞ്ചേരി മുനിസിപ്പാലിറ്റി |
| 25 | ഇരിഞ്ഞാലക്കുട | തൃശ്ശൂർ | ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റി |
| 26 | പട്ടാമ്പി | പാലക്കാട് | പട്ടാമ്പി മുനിസിപ്പാലിറ്റി |
| 27 | നിലമ്പൂർ | മലപ്പുറം | നിലമ്പൂർ മുനിസിപ്പാലിറ്റി |
| 28 | വണ്ടൂർ | മലപ്പുറം | വണ്ടൂർ ഗ്രാമ പഞ്ചായത്ത് |
| 29 | കൽപ്പറ്റ | വയനാട് | കൽപ്പറ്റ മുനിസിപ്പാലിറ്റി |
| 30 | സുൽത്താൻ ബത്തേരി | വയനാട് | സുൽത്താൻബത്തേരി ഗ്രാമ പഞ്ചായത്ത് |
| 31 | പയ്യോളി | കോഴിക്കോട് | പയ്യോളി മുനിസിപ്പാലിറ്റി |
| 32 | തലശ്ശേരി | കണ്ണൂർ | തലശ്ശേരി മുനിസിപ്പാലിറ്റി |
| 33 | കണ്ണൂർ | കണ്ണൂർ | കണ്ണൂർ മുനിസിപ്പാലിറ്റി |
| 34 | കാസർഗോഡ് | കാസർഗോഡ് | കാസർഗോഡ് മുനിസിപ്പാലിറ്റി |

നിർമ്മാണം പൂർത്തീകരിച്ചു വരുന്ന മത്സ്യമാർക്കറ്റുകൾ

| ക്രമ നം | മത്സ്യമാർക്കറ്റ് | ജില്ല | തദ്ദേശ സ്വയംഭരണ സ്ഥാപനം |
|---|---|---|---|
| 1 | വിതുര | തിരുവനന്തപുരം | വിതുര ഗ്രാമ പഞ്ചായത്ത് |
| 2 | പാങ്ങോട് | തിരുവനന്തപുരം | തിരുവനന്തപുരം കോർപ്പറേഷൻ |
| 3 | കോടിമാത | കോട്ടയം | കോട്ടയം മുനിസിപ്പാലിറ്റി |
| 4 | കരിക്കോട് | കൊല്ലം | കൊറ്റംകര ഗ്രാമ പഞ്ചായത്ത് |

കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന മത്സ്യമാർക്കറ്റുകൾ

| ക്രമ നം | മത്സ്യമാർക്കറ്റ് | ജില്ല | തദ്ദേശ സ്വയംഭരണ സ്ഥാപനം |
|---|---|---|---|
| 1 | പുത്തൻചന്ത | തിരുവനന്തപുരം | വെട്ടൂർ ഗ്രാമ പഞ്ചായത്ത് |
| 2 | പുന്നമൂട് | തിരുവനന്തപുരം | വർക്കല മുനിസിപ്പാലിറ്റി |
| 3 | നിലക്കാമുക്ക് | തിരുവനന്തപുരം | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി |
| 4 | കടക്കാവൂർ | തിരുവനന്തപുരം | കടക്കാവൂർ ഗ്രാമ പഞ്ചായത്ത് |
| 5 | പാളയം | തിരുവനന്തപുരം | തിരുവനന്തപുരം കോർപ്പറേഷൻ |
| 6 | പൂന്തുറ | തിരുവനന്തപുരം | തിരുവനന്തപുരം കോർപ്പറേഷൻ |
| 7 | കാഞ്ഞിരംകുളം | തിരുവനന്തപുരം | കാഞ്ഞിരംകുളം ഗ്രാമ പഞ്ചായത്ത് |
| 8 | നെയ്യാറ്റിൻകര | തിരുവനന്തപുരം | നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി |
| 9 | എടപ്പള്ളിക്കോട്ട | കൊല്ലം | ചവറ ഗ്രാമ പഞ്ചായത്ത് |
| 10 | ശാസ്താംകോട്ട | കൊല്ലം | ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത് |
| 11 | പുത്തൂർ | കൊല്ലം | കുളക്കട ഗ്രാമ പഞ്ചായത്ത് |
| 12 | കൊട്ടാരക്കര | കൊല്ലം | കൊട്ടാരക്കര മുനിസിപ്പാലിറ്റി |
| 13 | മുക്കട | കൊല്ലം | കുണ്ടറ ഗ്രാമ പഞ്ചായത്ത് |
| 14 | നല്ലില | കൊല്ലം | നെടുമ്പന ഗ്രാമ പഞ്ചായത്ത് |
| 15 | കണ്ണനല്ലൂർ | കൊല്ലം | ത്രിക്കോവിൽവട്ടം ഗ്രാമ പഞ്ചായത്ത് |
| 16 | പനയം | കൊല്ലം | കൊല്ലം കോർപ്പറേഷൻ |
| 17 | കടപ്പാക്കട | കൊല്ലം | കൊല്ലം കോർപ്പറേഷൻ |
| 18 | അഞ്ചാലുമ്മൂട് | കൊല്ലം | കൊല്ലം കോർപ്പറേഷൻ |
| 19 | തങ്കശ്ശേരി | കൊല്ലം | കൊല്ലം കോർപ്പറേഷൻ |
| 20 | മൂന്നാംകുറ്റി | കൊല്ലം | കൊല്ലം കോർപ്പറേഷൻ |
| 21 | കിഴക്കേകല്ലട | കൊല്ലം | കിഴക്കേകല്ലട ഗ്രാമ പഞ്ചായത്ത് |
| 22 | ചാത്തന്നൂർ | കൊല്ലം | ചാത്തന്നൂർ ഗ്രാമ പഞ്ചായത്ത് |

| | | | |
|---|---|---|---|
| 23 | കൊട്ടിയം | കൊല്ലം | കൊട്ടിയം ഗ്രാമ പഞ്ചായത്ത് |
| 24 | പാരിപ്പള്ളി | കൊല്ലം | കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത് |
| 25 | ചിതറ കിഴക്കുംഭാഗം | കൊല്ലം | ചിതറ ഗ്രാമ പഞ്ചായത്ത് |
| 26 | കടയ്ക്കൽ | കൊല്ലം | കടയ്ക്കൽ ഗ്രാമ പഞ്ചായത്ത് |
| 27 | പുനലൂർ | കൊല്ലം | പുനലൂർ മുനിസിപ്പാലിറ്റി |
| 28 | അഞ്ചൽ | കൊല്ലം | അഞ്ചൽ ഗ്രാമ പഞ്ചായത്ത് |
| 29 | അടൂർ | പത്തനംതിട്ട | അടൂർ മുനിസിപ്പാലിറ്റി |
| 30 | തിരുവല്ല | പത്തനംതിട്ട | തിരുവല്ല മുനിസിപ്പാലിറ്റി |
| 31 | ചേർത്തല | ആലപ്പുഴ | ചേർത്തല മുനിസിപ്പാലിറ്റി |
| 32 | കലവൂർ | ആലപ്പുഴ | മാരാരിക്കുളം സൗത്ത് ഗ്രാമ പഞ്ചായത്ത് |
| 33 | കരീപ്പുഴ | ആലപ്പുഴ | കായംകുളം മുനിസിപ്പാലിറ്റി |
| 34 | മാങ്ങാംകുഴി | ആലപ്പുഴ | തഴക്കര ഗ്രാമ പഞ്ചായത്ത് |
| 35 | പൂച്ചാക്കൽ | ആലപ്പുഴ | തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്ത് |
| 36 | അരൂർ | ആലപ്പുഴ | അരൂർ ഗ്രാമ പഞ്ചായത്ത് |
| 37 | പുന്നപ്ര നോർത്ത് | ആലപ്പുഴ | പുന്നപ്ര നോർത്ത് ഗ്രാമ പഞ്ചായത്ത് |
| 38 | താമരക്കുളം, മാവേലിക്കര | ആലപ്പുഴ | താമരക്കുളം ഗ്രാമ പഞ്ചായത്ത് |
| 39 | നായരംബലം | എറണാകുളം | നായരംബലം ഗ്രാമ പഞ്ചായത്ത് |
| 40 | ചിറ്റൂർ | എറണാകുളം | ചേരനല്ലൂർ ഗ്രാമ പഞ്ചായത്ത് |
| 41 | ഇടക്കൊച്ചി | എറണാകുളം | കൊച്ചി കോർപ്പറേഷൻ |
| 42 | ചാലക്കുടി | തൃശ്ശൂർ | ചാലക്കുടി മുനിസിപ്പാലിറ്റി |
| 43 | പരപ്പനങ്ങാടി | മലപ്പുറം | പരപ്പനങ്ങാടി മുനിസിപ്പാലിറ്റി |
| 44 | പൊന്നാനി | മലപ്പുറം | പൊന്നാനി മുനിസിപ്പാലിറ്റി |
| 45 | കൊണ്ടോട്ടി | മലപ്പുറം | കൊണ്ടോട്ടി മുനിസിപ്പാലിറ്റി |
| 46 | തിരൂർ | മലപ്പുറം | തിരൂർ മുനിസിപ്പാലിറ്റി |
| 47 | കോഴിക്കോട് സെൻട്രൽ | കോഴിക്കോട് | കോഴിക്കോട് കോർപ്പറേഷൻ |
| 48 | വെള്ളയിൽ | കോഴിക്കോട് | കോഴിക്കോട് കോർപ്പറേഷൻ |
| 49 | വടകര | കോഴിക്കോട് | വടകര മുനിസിപ്പാലിറ്റി |
| 50 | കൊയിലാണ്ടി | കോഴിക്കോട് | കൊയിലാണ്ടി മുനിസിപ്പാലിറ്റി |
| 51 | പഴയങ്ങാടി | കണ്ണൂർ | എഴോം ഗ്രാമ പഞ്ചായത്ത് |
| 52 | ന്യൂ മാഹി | കണ്ണൂർ | ന്യൂ മാഹി ഗ്രാമ പഞ്ചായത്ത് |
| 53 | കാഞ്ഞങ്ങാട് | കാസർഗോഡ് | കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി |

സെക്ഷൻ ആഫീസർ